പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6340

03.04.2018-ൽ മറുപടിക്ക്

ഗവൺമെന്റ് പ്ലീഡർ

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. എ. കെ. ബാലൻ
ബഹു. പട്ടിക ജാതി പട്ടിക വർഗ്ഗ
പിന്നാക്ക സമുദായ ക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സർക്കാരിന്റെ കേസ് നടത്തിപ്പിന് വിവിധ കോടതികളിലായി എത്ര ഗവൺമെന്റ് പ്ലീഡർ മാരെയാണ് ഈ സർക്കാർ നിയമിച്ചിട്ടുള്ളത്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | സർക്കാർ കേസുകളുടെ നടത്തിപ്പിനായി ഹൈക്കോടതിയിൽ 141 ഗവൺമെന്റ് ലാ ഓഫീസർമാരെയും 14 ജില്ലകളിലായി 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, 103 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെയും മുൻസിഫ് കോടതികളിലെ സർക്കാർ വർക്കുകൾ കൈകാര്യം ചെയ്യുന്നതിനായി 32 അഭിഭാഷകരെയും ഈ സർക്കാർ നിയമിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കുന്ന പാനലിൽ നിന്ന് മൂന്ന് വർഷത്തേയ്ക്കാണ് ഹൈക്കോടതിയിൽ ഗവൺമെന്റ് ലാ ഓഫീസർമാരെ നിയമിക്കുന്നത്. ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പാനലിൽ നിന്ന് മൂന്ന് വർഷത്തേയ്ക്കാണ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും മുൻസിഫ് കോടതികളിലെ സർക്കാർ വർക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അഭിഭാഷകരെയും നിയമിക്കുന്നത്.<br><br>ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർക്ക് 90,000/- രൂപയും സീനിയർ ഗവൺമെന്റ് പ്ലീഡർക്ക് 80,000/- രൂപയും ഗവൺമെന്റ് പ്ലീഡർക്ക് 70,000/- രൂപയും ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് 70,000/- രൂപയും അഡീഷണൽ ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് 60,000/- രൂപയും മുൻസിഫ് കോടതികളിലെ സർക്കാർ വർക്കുകൾ കൈകാര്യം ചെയ്യുന്ന അഭിഭാഷകർക്ക് 15,000/- രൂപയും പ്രതിമാസ വേതനമായി നൽകിവരുന്നു. |

| | | |
|---|---|---|
| (ബി) | വിവിധ കോടതികളിൽ സർക്കാരിനെതിരെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ സർക്കാർ നയത്തിനും, താൽപര്യത്തിനും വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നത് കാരണം വാദിക്ക് അനുകൂലമായ വിധി നേടിയെടുക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്ലീഡർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ; | ഇത്തരത്തിലുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ സർക്കാർ അഭിഭാഷകനെ നിയമിക്കുന്നത് സർക്കാരിന്റെ താൽപര്യങ്ങളെ സംരക്ഷിച്ചുകൊണ്ട് കാര്യക്ഷമതയോടെയും ശ്രദ്ധയോടെയും സർക്കാരിനുവേണ്ടി കേസുകൾ നടത്തുവാനാണ്. ഇതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും അവരുടെ സർവ്വീസ് കാലാവധി കഴിഞ്ഞാലും സർക്കാരിനുണ്ടായ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം ഈടാക്കാനും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 18-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ വന്ന ശേഷം ആർക്കെങ്കിലുമെതിരെ പ്രസ്തുത ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ഇല്ല. |

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.